# തുടക്കം

2023 - 24

**SIR SYED HS, THALIPARAMBA**

**STUDENT EDITOR**

***AJAL VV***

**STAFF EDITOR**

***JUVAIRIA K***

**COVER DESIGN**

***MUHAD KK***

**CONTENT**

# SIR SYED
## HIGHER SECONDARY SCHOOL

KARIMBAM, TALIPARAMBA.
Ph : 0460 293 7019
E-Mail : sirsyedhighschool@gmail.com










# രണ്ട് അതിഥികൾ

സുനി ബക്കർ

ഒരു നേരിയ ഉച്ചമയക്കത്തിന് ശേഷം എഴുന്നേൽക്കുകയായിരുന്നു ഞാൻ.ഉറക്കിന്റെ മന്തിപ്പിൽ പുറത്തേക്കിറങ്ങി.വീടിന്റെ പുറത്തെ തിണ്ണയിൽ ഇരുന്നു.അപ്പോഴാണ് ഒരു കരച്ചിൽ കേട്ടത്. വളരെ ചെറിയ ഒരു കരച്ചിൽ, മൃദുലവും ശ്രദ്ധയോടെ ആ ഭാഗത്തേക്ക് നടന്നു.

അതാ ഒരു കുഞ്ഞുപൂച്ച. കുന്നിൻ മുകളിൽ കുഞ്ഞുകാലുകൾ, കുഞ്ഞുവാല്, കുഞ്ഞുശരീരം, തിളങ്ങുന്നകണ്ണ്.

വെളുപ്പും കറുപ്പും നിറത്തിലുള്ളത്.ഞാൻ അതിനെ കൈയ്യിലെടുത്തു.പാവം ഒട്ടും പ്രതികരിച്ചില്ല. വീട്ടിൽ കൊണ്ടുവന്നു.പാലും ചോറും കൊടുത്തു.

സന്ധ്യയാകാനായപ്പോൾ എല്ലാവരും വീട്ടിൽ കയറി.പൂച്ചയൊഴികെ.അവനെന്തോ ഒരു പരിഭ്രമം. അന്ന് രാത്രി അതിഭയങ്കരമായ മഴ ഉണ്ടായിരുന്നു.പെട്ടെന്ന് പൂച്ച വീട്ടിനുള്ളിലേക്ക് കയറി.അതിന്റെ നനഞ്ഞ രോമം കണ്ട് അമ്മ ചൂലെടുത്ത് പുറത്തേക്കോടിച്ചു. വീണ്ടും ഉള്ളിലേക്ക് വന്നു.വീണ്ടും പുറത്തേക്കോടിച്ചു.അപ്പോഴെല്ലാം എന്റെ മനസ്സ് പിടയുന്നുണ്ടായിരുന്നു. കാരണം, പണ്ടുമുതലേ പൂച്ചകളെ എനിക്ക് വളരെ ഇഷ്ടമായിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ആ ചെറിയ ജീവി നമ്മളുമായി കൂടുതൽ ഇടപഴകുവാൻ തുടങ്ങി.എല്ലാവരുടെയും ഓമനയായി മാറി.

ഞാനും അനിയനും അമ്മയുമാണ് പൂച്ചയെ കൂടുതൽ സ്നേഹിച്ചതെങ്കിലും പൂച്ചയ്ക്ക് കൂടുതൽ ഇഷ്ടമുണ്ടായത് അച്ഛനോടായിരുന്നു.ആ സ്നേഹം മൂത്ത് മൂത്ത് അതിന്റെ ഉറക്കവും അച്ഛന്റെ കൂടെ തന്നെയായിരുന്നു.

അത് എന്തുകൊണ്ടാണെന്ന് ഞാൻ ഇപ്പോഴും ഖനനം ചെയ്തു കൊണ്ടിരിക്കുന്നു.

വളരെ നന്ദിയും സ്നേഹവുമുള്ളവനായിരുന്നു അവൻ. ഒരിക്കൽ ഞാൻ അവനോട് മ്യാവൂ എന്ന് പറഞ്ഞു.അവൻ തിരിച്ചും. അടുക്കളയിൽ നിന്ന് റൊട്ടി പൊട്ടിച്ചു കൊടുത്തു.അത് തിന്നതിനുശേഷം എന്റെ കാലുകൾക്കിടയിൽ വന്നു കിടന്നു.ഏതൊരാൾക്കും എടുത്ത് വളർത്താൻ തോന്നുന്ന സ്വഭാവവും പ്രകൃതവും ആണ് അവന്റേത്.

വീട്ടുകാരെല്ലാവരും കൂടി ലാളിച്ചു ഓമനിച്ചു വളർത്തി വലുതായി.അനിയൻ അവനെ മിട്ടു എന്ന് വിളിച്ചു.പിന്നീട് എല്ലാവരുടെയും മിട്ടുവായി.അങ്ങനെ അവൻ പുറത്ത് പോവാൻ തുടങ്ങി.

പല ദിവസങ്ങളിലും രാത്രിയായിട്ടും വരാതിരുന്നാൽ എല്ലാവർക്കും പ്രയാസമാകും.അവനെ കാത്തിരിക്കും.വരുന്നില്ല എന്ന് ഉറപ്പായാൽ മാത്രം വാതിലടക്കും.പിറ്റേ ദിവസം വീട്ടുപടിക്കൽ മിട്ടു എത്തിയിട്ടുണ്ടാകും.

ഒരു ദിവസം വൈകുന്നേരം വീട്ടിൽ നിന്നും മിട്ടു പുറത്തേക്കിറങ്ങി.പതിവുപോലെ രാത്രിയിലും വന്നില്ല. പിറ്റേ ദിവസവും.ഇതുവരെയും അവൻ വന്നില്ല.എന്ത് പറ്റിയിട്ടുണ്ടാവും! അവൻ എന്നെങ്കിലും വരുമോ? വരാതിരിക്കില്ല.നമ്മൾ അവനെ കാത്തിരിക്കുകയാണ് ഇപ്പോഴും.

നാളുകൾ കഴിയുന്തോറും മിട്ടുവിന്റെ അഭാവം ഉണ്ടാക്കിയ ദു:ഖം കുറഞ്ഞു കുറഞ്ഞു വന്നു.അങ്ങനെയിരിക്കെ ഒരു ദിവസം രാവിലെ ഞാൻ വീട്ടുമുറ്റത്ത് നടക്കുകയായിരുന്നു.വീടിനുമുന്നിലുള്ള പേരമരത്തിന് സമീപം കുറ്റിച്ചെടിയോട് ചേർന്ന് ഒരുവലിയ പൂച്ച എന്നെ ശ്രദ്ധിച്ചു.ആരാണാവോ ഇവൻ? കൗതുകം തോന്നി.

അതിന്റെ മൃദുലമായ ശബ്ദവും നീണ്ട ഇടതൂർന്ന രോമങ്ങളും ചെറിയ തിളങ്ങുന്ന കണ്ണും എന്നെ വളരെ അധികം ആകർഷിച്ചു. അതിനെ ഇണക്കുവാൻ വീട്ടു തിണ്ണയിൽ കുറച്ചു ഭക്ഷ്യവസ്തുക്കൾ കൊണ്ടു വച്ചു. അത് തിന്നുവാനായി പതിയെ പതിയെ വീട്ടിലേക്ക് വന്നു.അവന്റെ ചലനത്തിൽ അലസത നിഴലിച്ചിരുന്നു.അമ്മ വീട്ടിനകത്ത് നിന്ന് വിലിച്ചു പറഞ്ഞു: പൂച്ചകൾക്ക് രോഗമുള്ള കാലമാണ്.ഉള്ളിലേക്ക് കൊണ്ട് വരരുത്. തിണ്ണയിലേക്ക് കയറി വന്ന് അവിടെ വച്ച ഭക്ഷ്യവസ്തുക്കളെല്ലാം കഴിച്ചു. അതൊക്കെ വേഗ

ത്തിലാണ് അകത്താക്കിയത്. അതിന്റെ തീറ്റകണ്ട് വീട്ടിലെ എല്ലാവരും അമ്പരന്നു. പിന്നെ തിണ്ണയിൽ ഒറ്റക്കിടത്തം.എഴുന്നേൽപ്പിക്കാനും വെളിയിലാക്കാനും എത്ര ശ്രമിച്ചിട്ടും സാധിച്ചില്ല. ഞാനും അനിയനും അതിനെ ചുറ്റിപ്പറ്റി നിന്നു.ഇടയ്ക്കിടെ കണ്ണ് തുറന്ന് നോക്കും. ഞങ്ങൾ അവനെയും.ഞാനും

അനിയനും അവനെ കിട്ടുവെന്ന് വിളിച്ചു. മ്യാവൂ... മ്യാവൂ എന്നാണ് അവൻ പ്രതികരിച്ചത്.

ഞാനും അനിയനും അമ്മയുമാണ് കൂടുതൽ കിട്ടു വിനെ സ്നേഹിച്ചതെങ്കിലും അവന് കൂടുതൽ പ്രിയം എന്റെ അമ്മാവനെയായിരുന്നു.അതിന് കാരണം അമ്മാവൻ എപ്പോഴും മീൻ കൊണ്ടുകൊടുത്തിരുന്നു. അവനെ കൊഞ്ചിച്ച് ലാളിച്ചു വളർത്തി. വീട്ടിലേക്ക് മീൻ വാങ്ങിയാൽ ഒന്നോ രണ്ടോ കിട്ടുവിനായി മാറ്റി വെക്കും.

ഇടക്കിടെ രാത്രികാലങ്ങളിൽ പുറത്തേക്ക് പോകും. പക്ഷേ, കൂടുതൽ ജയം കിട്ടുവിന് തന്നെയാണ്. കാരണം, അവന് കൂർത്ത പല്ലുകളും നഖങ്ങളും കൊഴുത്ത ശരീരവും ഉണ്ട്. ഒരു കുഞ്ഞുനരിയെ പോലെ.

അങ്ങനെ ഒരുദിവസം രാത്രി കിട്ടു പുറത്തേക്ക് പോയി.അന്ന് രാത്രി തിരിച്ച് വന്നില്ല. ദിവസങ്ങളോളം കാത്തിരുന്നിട്ടും വന്നില്ല. അവന് എന്ത് പറ്റുയിട്ടുണ്ടാവും! എവിടെയായിരിക്കും? ഞങ്ങൾ ഇപ്പേഴും കാത്തിരിക്കുന്നു.



# പുലരി

നവനീത്. പി.വി

ഓരോ ദിവസവും സൂര്യൻ അസ്തമിക്കുന്നത് നാളേക്ക് വെളിച്ചം പകരാനാണ്. കരിമ്പം എന്നൊരു അതിമനോഹരമായ ഗ്രാമം. പ്രകൃതി കനിഞ്ഞതുപോലെയുള്ള ഒരു കൊച്ചുഗ്രാമം. ആ ഗ്രാമത്തിൽ പ്രസിദ്ധവും അത്യന്തം പഴക്കവുമുള്ള ഒരു സ്കൂൾ ഉണ്ടായിരുന്നു.ആ സ്കൂളിൽ കുറച്ചു കുട്ടികൾ മാത്രമായിരുന്നു പഠിച്ചിരുന്നത്.ആ സ്കൂളിൽ രമണി എന്ന അദ്ധ്യാപികയുണ്ടായിരുന്നു. ആ അദ്ധ്യാപികയ്ക്ക് സംസ്ഥാന അവാർഡ് ഒക്കെ കിട്ടിയിരുന്നു.

അങ്ങനെ ഒരു ദിവസം ആ സ്കൂളിൽ ഒരു കുട്ടി ചേർന്നു.ആ കുട്ടി പത്താം ക്ലാസ്സ് പഠിക്കാനായിട്ടാണ് ആ സ്കുളിൽ വന്നത്.ആ കുട്ടിക്ക് അമ്മയും അച്ഛനും ഇല്ലായിരുന്നു.ഈ കുട്ടിയുടെ പേരിൽ കോടിക്കണക്കിന് സ്വത്തുക്കൾ ഉണ്ടായിരുന്നു.ഈ കുട്ടിയാണെങ്കിൽ പഠിപ്പിൽ ശ്രദ്ധയുണ്ടായിരുന്നില്ല.അച്ഛന്റെ അച്ഛൻ ഇവന് അതിസുന്ദരമായ പേരാണ് ഇട്ടത്.ജഗത്ത്. അങ്ങനെയിരിക്കെ ജഗത്ത് സ്കൂളിൽ പല ദിവസങ്ങളിലും വരാതെയായി.

ഇക്കാര്യം അറിഞ്ഞ രമണി ടീച്ചർ എന്താണ് കാരണം എന്ന് തിരക്കി. അപ്പോഴാണ് ആ ടീച്ചർ അറിയുന്നത് ജഗത്ത് ചീത്ത കൂട്ടുകെട്ടിൽ പെട്ടിരിക്കുകയാണെന്ന്.രമണി ടീച്ചർ ഒന്നു തീരുമാനിച്ചു. ജഗത്തിനെ നല്ല മനുഷ്യനും നല്ലവണ്ണം പഠിക്കുന്ന കുട്ടിയുമാക്കുമെന്ന്.

ടീച്ചർ അവനുമായി സംബന്ധിച്ചു.അങ്ങനെ ടീച്ചർ അവനെയും കൂട്ടി ടീച്ചറുടെ വീട്ടിലേക്കു ചെന്നു. ജഗത്തിനെ രമണി ടീച്ചർ യോഗയിലൂടെയും സ്നേഹത്തിലൂടെയും നന്നാക്കി. അങ്ങനെ അവൻ പത്താം ക്ലാസ്സ് പരീക്ഷ എഴുതി. അവന് ഉറപ്പായിരുന്നു അവൻ എല്ലാ വിഷയത്തിലും പാസ്സാകുമെന്ന്.രമണി ടീച്ചറും അവ

നുമൊത്ത് നാടു കാണാനിറങ്ങി.

അങ്ങനെ ആ ദിവസം എത്തിച്ചേർന്നു. 10ാം ക്ലാസ്സ് പരീക്ഷാഫലം അറിയുന്ന ദിവസം. രമണി ടീച്ചറും ജഗത്തും രാവിലെ കുളിച്ച് അമ്പലത്തിൽ പോയി. പരീക്ഷാഫലം അറിയാൻ അമ്പലത്തിൽ നിന്നും വരുമ്പോൾ അവർ സഞ്ചരിച്ച ഓട്ടോറിക്ഷയ്ക്ക് ടിപ്പർ ഇടിക്കുകയായിരുന്നു.രണ്ട് പേരെയും ആശുപത്രിയിൽ എത്തിച്ചു പക്ഷേ ജഗത്ത് മരിക്കുകയായിരുന്നു. രമണി ടീച്ചർ എങ്ങനേയോ രക്ഷപ്പെട്ടു.

അങ്ങനെ ആ വിവരം രമണിടീച്ചറുടെ കാതിൽ എത്തി. ജഗത്ത് പഠിച്ച സ്കൂളിൽ നിന്നും എല്ലാത്തിലും മുഴുവൻ എ പ്ലസ് കിട്ടിയത് ജഗത്തിനാണെന്ന്. രമണി ടീച്ചർ ഒരുപാട് കരഞ്ഞു. ജഗത്തിന് വലിയ ആഗ്രഹമായിരുന്നു ഒരു അവാർഡ് കിട്ടണമെന്ന്. പക്ഷെ ആ അവസരം വരുമ്പോൾ അവൻ ഈ ജഗത്തിൽ നിന്നും വേർപിരിഞ്ഞിരിക്കുന്നു.

## കുത്താൻ വരുന്നേ!



പാതിരാ നേരം പാട്ടും പാടി
പാറിവരുന്നു കൊതുകമ്മ
ചോര കുടിക്കാൻ തക്കം നോക്കി
മൂളിപ്പാറും കൊതുകമ്മ
വലയും തിരിയും കണ്ടാലുടനെ
മുറിവിട്ടോടും കൊതുകമ്മ

( മന്നി കെ. പൊന്നാപ്പൂർ )

# ചെറിയ മനസ്സിലെ വലിയ പാഠം

സ്വാലിഹ.വി.പി

മുറ്റത്ത് നിന്നുള്ള കലപില ശബ്ദങ്ങൾ കേട്ടുകൊണ്ടാണ് അമ്മു മുറ്റത്തേക്ക് ഓടി ഇറങ്ങിയത്. നോക്കുമ്പോഴേക്ക് കുഞ്ഞിക്കോഴികളിൽ നിന്ന് ഒന്നിനെ കാക്ക റാഞ്ചിക്കൊണ്ടുപോകുന്നു. ഇത് കണ്ട അമ്മയുടെ മുഖത്ത് സങ്കടത്തിന്റെയും ദേഷ്യത്തിന്റെയും ഭാവം മാറിക്കൊണ്ടേയിരിക്കുന്നു. അമ്മയുടെ സങ്കടം കണ്ട് അമ്മുവിനും വളരെയധികം സങ്കടമായി.

അമ്മ എന്തിനാണ് ദേഷ്യപ്പെടുന്നത് എന്ന് അമ്മു ചിന്തിച്ചു.അപ്പോഴാണ് അത് മനസ്സിലായത്. കാക്ക റാഞ്ചിക്കൊണ്ട് പോയ ആ കോഴി എപ്പോഴും ഒറ്റയ്ക്കായിരുന്നു. മറ്റുള്ള കോഴിക്കുഞ്ഞുങ്ങളോടൊപ്പം കൂടാതെ അവരുടെ കൂടെ കളിക്കാതെ എന്തിനും ഏതിനും താൻ ഒറ്റയ്ക്ക് മതി എന്നുള്ള ആ കുഞ്ഞിക്കോഴിയുടെ അഹങ്കാരം ആയിരുന്നു. കാരണം എപ്പോഴും ഒരുമിച്ച് കളിച്ച് ഒരുമിച്ച് ഭക്ഷണം കഴിച്ച് നടന്നിരുന്ന മറ്റു കോഴിക്കുഞ്ഞുങ്ങൾ കാക്ക വരുമ്പോഴേക്കും അമ്മയുടെ ചിറകിനുള്ളിൽ പതുങ്ങിനിൽക്കും.

അപ്പോഴാണ് വീണ്ടും അമ്മ പിറുപിറുക്കുന്നത് കേട്ടത്.ആ കുഞ്ഞിക്കോഴിക്ക് അതിന്റെ അഹങ്കാരം നിമിത്തമാണ് ജീവൻ നഷ്ടമായത്.എന്റെ ദൈവമേ!ആ സങ്കടം ഞാൻ ഇനി എങ്ങനെ മറക്കാനാ?ഇതൊക്കെ കേട്ടപ്പോൾ അമ്മുവിന് വീണ്ടും സങ്കടമായി. കാരണം അമ്മ കോഴിക്കുഞ്ഞിനെ അട വെച്ചതുമുതൽ കാത്ത് നിന്നു. അത് വിരിയാൻ.പിന്നീട് അതിന് ചിറക് വരുന്നുണ്ടോ എന്ന് നോക്കി നിൽക്കും അങ്ങനെ കാത്തിരുന്ന കുഞ്ഞിക്കോഴിയെയാണ് അമ്മയ്ക്ക് നഷ്ടമായത്.

അമ്മ എന്നോട് എപ്പോഴും പറയാറുണ്ട്, നല്ല കൂട്ടുകാരുടെ കൂടെ നിൽക്കണം.ഒരിക്കലും താൻ തന്നെ എല്ലാത്തിനും മതി എന്നുള്ള അഹങ്കാരത്തിൽ ഒറ്റയ്ക്ക് നിൽക്കരുത്.മുതിർന്നവർ പറയുന്നത് അനുസരിക്കണം.ഒറ്റയ്ക്കാണെങ്കിൽ നാം അപകടത്തിൽപ്പെട്ടാൽ രക്ഷതേടുക എന്നുള്ളത് അത്ര എളുപ്പമല്ല. അഹങ്കാരം എന്നുള്ളത് ആപത്തിലേക്കാണ്.

**SIR SYED**
HIGHER SECONDARY SCHOOL
KARIMBAM, TALIPARAMBA

BUDDING SCIENTISTS
SCIENCE CLUB

# FUTURAMA





# Exhibition

September
12
2023

**Working model competition**

**Still model competition**

**Game zone**




*Science Club, Sir Syed HSS*

SIR SYED
HIGHER SECONDARY SCHOOL
KARIMBAM, TALIPARAMBA




# SCHOOL PARLIAMENT ELECTION RESULT



SCHOOL PARLIAMENT ELECTION 2023-24

SCHOOL LEADER CANDIDATES RESULT

| NO | CANDIDATES NAME | CLASS | PS 1 | PS2 | PS3 | TOTAL |
|---|---|---|---|---|---|---|
| 1 | AFEEMA ABDUL KARIM | XF | 14 | 49 | 14 | 77 |
| 2 | FATHIMATHU SHAZA | XD | 71 | 33 | 14 | 118 |
| 3 | JAZIL JABIR | X A | 39 | 39 | 46 | 124 |
| 4 | MIQDAD K P | X B | 27 | 20 | 14 | 61 |
| 5 | MUHAMMED NABEEL | X D | 42 | 47 | 25 | 114 |
| 6 | MUHAMMED SINAN P | X B | 4 | 10 | 14 | 28 |
| 7 | NIHAL M P | X F | 87 | 118 | 143 | 348 |
| | TOTAL | | 284 | 316 | 270 | 870 |

SCHOOL LEADER



NIHAL MP (10F)

DEPUTY LEADER



JAZIL JABIR (10A)

*Congratulations*

**2023 - 24 സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ സർ സയ്യിദ് സ്കൂളിൽ നിന്നും മത്സരിച്ച് വിജയിച്ച നിഹാലിനും ഡെപ്യുട്ടി ലീഡറായി തിഞ്ഞെടുക്കപ്പെട്ട ജസിലിനും എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.**

*Social Science Club*

# കൊലുസ്സ്

സഹീറ എം


അവൾ ആ കൊലുസ്സ് നോക്കി തന്റെ കണ്ണീർ തുടയ്ക്കുകയായിരുന്നു.ഒന്ന് സമാധാനിപ്പ്ക്കാൻ പോലും അടുത്താരുമില്ല. ബന്ധുക്കളെല്ലാം അങ്ങു മിങ്ങും പരക്കം പായുകയാണ്.ചിലർ മൂലകളിലിരുന്ന് കരയുന്നു. മറ്റുചിലർ  അടക്കം പറയുന്നു.


ഇവൾ മീനു. പറക്കമുറ്റാത്ത ചെറുപ്രായത്തിൽ തന്നെ യാതനകളും വേദനകളും കൊണ്ട് വീർപ്പുമുട്ടിയവൾ.തന്നെ പ്രസവിക്കുമ്പോൾ തന്നെ അമ്മ മരിച്ചതിനാലാണ് അച്ഛൻ മുഴുക്കുടിയനായതെന്ന് പറഞ്ഞ് കുത്തിനോവിക്കുന്ന ഏട്ടത്തിമാർക്കിടയിൽ തനിക്ക്ആശ്രയമായിരുന്ന മുത്തിയമ്മയുടെ മരണം മീനുവിന് താങ്ങാവുന്നതിലുമപ്പുറമാണ്. തന്റെ ഭാര്യ മരിച്ചതിന് ,അതിന്റെ കാരണക്കാരിയായവൾ മീനുവാണെന്ന് പറഞ്ഞ് തന്റെ മകളെ ഒന്ന് കാണാൻ പോലും കൂട്ടാക്കാതെ മുഖം തിരിച്ചു കളഞ്ഞ ഒരാളാണ് മീനുവിന്റെ അച്ഛൻ. ആ സമയത്ത് പോലും തനിക്ക് താങ്ങായി നിന്ന തനിക്ക് മീനു എന്ന പേര് വച്ചുതന്ന തന്റെ അമ്മമ്മയുടെ മരണം അവളെ തളർത്തി.

തന്റെ കഴിഞ്ഞ പിറന്നാളിന് സമ്മാനമായിതന്നതായിരുന്നു ആകൊലുസ്സ്. അതവൾക്ക് ഏറെ പ്രയപ്പെട്ടതായിരുന്നു. ഇനി തന്നെ സംരക്ഷിക്കാനോ പിന്തുണക്കാനോ മുത്തിയമ്മ ഉണ്ടാവില്ലല്ലോ. എന്നോർത്ത് അവൾക്ക് കരച്ചിലടക്കാനായില്ല. പിന്നീട് എന്തോ ആലോചിച്ച് അവിടുന്ന് എഴുന്നേറ്റ് തന്റെ മുറിയിലേക്ക് പോയി. മുറിയെന്ന് പറയാനുള്ള ഒന്നും അവിടെയുണ്ടായിരുന്നില്ല. ആ വീട്ടിലെ ഏറ്റവും പൊടിപിടിച്ച മുറിയാണിത്.ഒരു കീറിപ്പായ വിരിച്ചാണവൾ കിടന്നിരുന്നത്. അവൾ അവിടെയുള്ള ഒരു സഞ്ചിയെടുത്തു. അതിൽ തന്റെ മൂന്ന് കുപ്പായവുമെടുത്തിട്ടു.അത് പുതിയതായിരു

ന്നില്ല.തന്റെ ഏട്ടത്തിമാർ ഉപയോഗിച്ച് കീറിയവസ്ത്രങ്ങളാണവ യെല്ലാം. പിന്നെ അവളുടെ പെട്ടിയിൽ നിന്ന് അവളുടെ അമ്മ യുടെ ഫോട്ടോയും. പിന്നെ ആ കൊലുസുമണിഞ്ഞ് അവൾ വീട്ടിന്റെ പുറത്തേക്കോടി.ആളുകൾ ഉണ്ടായതിനാൽ അവളെ ആരും ശ്രദ്ധിച്ചിരുന്നില്ല. ആളുകൾ ഇല്ലായെങ്കിലും തന്നെ ആരും ശ്രദ്ധി ക്കുകയില്ല.വീടിന്റെ പുറത്തെത്തിയപ്പോൾ അവളുടെ ശ്രദ്ധ നേരെ കൊച്ചുചക്കരച്ചിയിലേക്കെത്തി. അതൊരു മാവാണ്. തേനൂറുന്ന മാമ്പഴങ്ങൾ തരുന്ന നല്ല തടിയും പൊക്കവുമുള്ള കൊച്ചു ചക്കര ച്ചി. താഴത്തെ കൊമ്പിൽ നിന്ന് മാങ്ങ പറിക്കാനായി കൈ നീട്ടി. എന്തോ അവളെ കൊച്ചു ചക്കര ഇഷ്ടമാണെന്ന പോലെ ഒരിളം കാറ്റ് വീശി ആ കൊമ്പ് താഴ്ത്തി അവളതിൽ നിന്ന് മൂന്ന് മാങ്ങ പറിച്ചു.

അവൾ തെരുവിലേക്ക് നടക്കുകയാണ്. തന്റെ ലക്ഷ്യം എവിടെ യെന്നറിയാതെ അലയുകയാണ്. അപ്പോഴാണ് താൻ നടക്കുന്ന തിന് അപ്പുറത്ത് തന്റെ അമ്മയെപ്പോലൊരു മുഖം. അവൾ ഒന്നും നോക്കാതെ റോഡ് മുറിച്ചു നടന്നു. എതിരെ വരുന്ന ബസ്സ് അവൾ കണ്ടിരുന്നില്ല.രണ്ടും കൂട്ടിയിടിച്ചു. എല്ലാം ഒരു നിമിഷം കൊണ്ട് സംഭവിച്ചു ചോര തുടിക്കുന്ന അവളുടെ ശരീരം അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. ആളുകൾ ഓടിക്കൂടി.എല്ലാവരും നോക്കി നിൽക്കുന്നു എന്നല്ലാതെ ഒരാളുടെ ഹൃദയവും വേദനിച്ചില്ല.അ ല്ലെങ്കിലും തെരുവിൽ അലയുന്നവർക്ക് ആര് കൂട്ട്.അവസാനം കുറച്ച് പോലീസ് മേധാവികൾ വന്നു. അവളുടെ ശരീരം ആംബുലൻസി ലേക്ക് കയറ്റി.അപ്പോഴും അവളുടെ കാലിൽ ആ കൊലുസ്സ് കിട ന്നിരുന്നു. ഒരു അടയാളമെന്നപോലെ.






Najiya . C VIII. A

ചന്തുവും പന്തും

ചന്തയിൽ പോയി ചന്തു വാങ്ങി
രണ്ടു നല്ല പന്ത്
അപ്പു വന്ന് ചോദിച്ചപ്പോൾ
പന്തൊരെണ്ണം നൽകി
അമ്മു വന്ന ചോദിച്ചപ്പോൾ
പന്തൊരെണ്ണം നൽകി
ചന്തു വാങ്ങിയ രണ്ടു പന്തും
ചന്തുവിന്റെ കൈയിലില്ല
ചന്തു വേഗം ചന്തയിൽ പോയി
വേറെ രണ്ടു പന്തുവാങ്ങി



Mujeeva.V.V
8.A

# മഴ

മഴ മഴ മഴ മഴ മാനത്തൂന്നൊരു
മലർമഴ മധുമഴ മധുര മഴ
തുള്ളി തുള്ളി തുള്ളി വരുന്നൊരു
തൂമഴ തൂകിൽ മഴ തുമ്പി മഴ
ചിറി ചിറി ചിറി വരുന്നൊരു
ചെമ്മഴ ചിരിമഴ ചില്ലുമഴ
തവളക്കുട്ടന് തകൃതി മഴ
കുഞ്ഞിക്കുട്ടന് കുസൃതി മഴ.



Swaliha m.k
VIII-A


## ഇടം Digital Media Literacy Camp



Little kites

SIR SYED HSS




മേളകളിൽ തിളങ്ങി സർ സയ്യിദ്
ROLL MAKING - A GRADE
OVERALL CHAMPIONS
OVERALL SECOND
FIRST A GRADE
FIRST WITH A GRADE
GROUP SONG-URUDU
FIRST A GRADE
വടക്കേ മലബാറിൻറെ സ്പോർട്സ് ഹബ് സർ സയ്യിദ്
ചാമ്പ്യൻമാർ
SIR SYED
ALLAMA
IQBAL
SUB DIST. QUALIFIERS
02-09-2022
SIR SYED HSS
ALIF ARABIC TALENT TEST
MARIYAM B
BHARAT SCOUT & GUIDE
രാജ്യ പുരസ്കാർ ജേതാക്കൾ...
ദ്യുതി
BEFORE
പ്രത്യാശ
BASE LINE TEST
20 June 2022
Monday 10.30 am
തെളിമ
PROJECT INFINITY
V. SAHADEVAN
ചാന്ദ്രദിനം
ENSOKU
BLACK THUNDER
Get Ready For
Mastery
Yosei-2022
Residential Camp
MASTERY CLUB
SIR SYED HSS
TEAM SIR SYED
SIR SYED
HIGHER SECONDARY SCHOOL
S.S.L.C 2022-23
BATCHES

# SIR SYED
HIGHER SECONDARY SCHOOL
KARIMBAM, TALIPARAMBA

EXPERTISE YOU
THE DIGITAL WORLD

# സ്വതന്ത്ര
## വിജ്ഞാനോത്സവം
## 2023

little KITEs

**ആഗസ്റ്റ് 10, 11 തിയതികളിൽ**

**IT CORNER**

**FREEDOM FEST MESSAGE**

**DIGITAL POSTER MAKING**

**INSTALLATION FEST**

KNOWLEDGE
INNOVATION
TECHNOLOGY
freedom
fest 2023
12-15 AUG, THIRUVANANTHAPURAM



# കാക്കയും കുഞ്ഞും

കാക്കേ, കാക്കേ, കൂടെവിടെ ?
കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ ?
കുഞ്ഞിനു തീറ്റി കൊടുക്കാഞ്ഞാൽ

കുഞ്ഞു കിടന്നു കരഞ്ഞിടും
കുഞ്ഞേ, കുഞ്ഞേ, നീ തരുമോ
നിന്നുടെ കൈയിലെ നെയ്യപ്പം ?
ഇല്ല തരില്ല നെയ്യപ്പം
അയ്യോ കാക്കേ പറ്റിച്ചോ !



Nadiya VM 8th A